**<u>കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

മെ.വി.വ – ജീവനക്കാര്യം – ലിഫ്റ്റ് ഓപ്പറേറ്റർ – തസ്തിക മാറ്റ നിയമനം കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് – ഉത്തരവാകുന്നു.

പരാമർശം :– 1. 10.03.2020 ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.

2. 27.03.2020 ലെ തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഇ.എൻ7/627/2019/മെ.കോ.തി നമ്പർ പ്രകാരം ലഭ്യമാക്കിയ അപേക്ഷ.

3. 21.04.2020 ലെ തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഇ6/933/2019/മെ.കോ.തൃ നമ്പർ പ്രകാരം ലഭ്യമാക്കിയ അപേക്ഷ.

**<u>ഉത്തരവ് നമ്പർ.ഇ4/11/2020/മെ.വി.വ തീയതി: 05/08/2020</u>**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ നിലവിലുള്ളതും പ്രതീക്ഷിക്കപ്പെടുന്നതുമായ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിലെ ഒഴിവുകളിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം നടത്തുന്നതിനായി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരിൽ നിന്നും സൂചന ഒന്ന് പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും യോഗ്യരായ ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. നഴ്സിംഗ് അസിസ്റ്റന്റ് തസ്തിക ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സെയ്ദലി.എം നെ കരട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| റാങ്ക് നം | പേര് & തസ്തിക | സ്ഥാപനം | ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച തീയതി | നിരീക്ഷണ കാലം പൂർത്തീകരിച്ച തീയതി | ജനന തീയതി |
|---|---|---|---|---|---|
| 1 | രമ.പി.പി, ക്ലീനർ | മെഡിക്കൽ കോളേജ് തൃശ്ശൂർ | 10.04.2015 | 10.04.2016 | 20.04.1965 |
| 2 | മനോജ്.കെ,ധോബി | | 21.12.2017 | 21.12.2018 | 07.03.1972 |
| 3 | നവാസ്.എൻ, ഫുൾ ടൈം സ്വീപ്പർ | മെഡിക്കൽ കോളേജ് തിരുവനന്തപുരം | 22.01.2019 | 22.01.2020 | 22.05.1976 |

സ്ഥാപന മേധാവികൾ അവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ സീനിയോറിറ്റി പട്ടികയുടെ പകർപ്പ് പരസ്യപ്പെടുത്തേണ്ടതും ആയതു ബന്ധപ്പെട്ട ജീവനക്കാർക്ക ലഭ്യമാക്കേണ്ടതുമാണ്. കരട് സീനിയോറിറ്റി പട്ടിക സംബന്ധിച്ച് എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ബന്ധപ്പെട്ടവർ അപ്പീലുകൾ **20.08.2020** തീയതിക്ക് മുമ്പായി തങ്ങളുടെ സ്ഥാപന മേധാവികൾക്ക് സമർപ്പിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ തങ്ങൾക്കു ലഭ്യമാകുന്ന അപ്പീലുകൾ **05.09.2020** തീയതിക്ക് മുമ്പായി, അതിന്മേലുള്ള വ്യക്തമായ അഭിപ്രായം, ബന്ധപ്പെട്ട രേഖകൾ സഹിതം, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക സമർപ്പിക്കേണ്ടതാണ്. യഥാസമയം അപ്പീലുകൾ സമർപ്പിക്കാതെ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച ശേഷം ലഭിക്കുന്ന പരാതികൾ/ആക്ഷേപങ്ങൾ പിന്നീട് യാതൊരുവിധ കാരണവശാലും സ്വീകരിക്കുന്നതല്ല. കരട് സീനിയോറിറ്റി പട്ടിക www.dme.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

Signature Not Verified
Digitally signed by Devi L R
Date: 2020.08.05 11:41:07 IST
Reason: Approved

**DEVI L R**
**SENIOR ADMINISTRATIVE OFFICER**

പകർപ്പ്:-

1. പ്രിൻസിപ്പൽ,
   ഗവ: മെഡിക്കൽ കോളേജ്/ദന്തൽ കോളേജ്/ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ, പാരിപ്പള്ളി, എറണാകുളം, ഇടുക്കി, മഞ്ചേരി, കോന്നി.
2. ബന്ധപ്പെട്ട ജീവനക്കാർ (പ്രിൻസിപ്പൽ മുഖേന)
3. ഡി.എം.ഇ വെബ്സൈറ്റ്/ഓഫീസ് കോപ്പി/കരുതൽ/നോട്ടീസ് ബോർഡ് ഡി.എം.ഇ.